അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

സെന്റ് ജോർജ്ജ്
ഇ. എ. എൽ. പി. എസ്
വെൺകുറിഞ്ഞി.

അക്കാദമിക പ്രവർത്തനങ്ങൾ

തെരഞ്ഞെടുത്ത മേഖലകൾ

- മലയാളം
- ഇംഗ്ലീഷ്
- പരിസരപഠനം
- ഗണിതം
- കല, കായികം
- ആരോഗ്യം
- ICT സാധ്യത പ്രയോജനപ്പെടുത്തൽ
- പ്രവൃത്തി പരിചയം
- ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തൽ
- പ്രത്യേക പരിഗണന അർഹിക്കുന്നവരെ ഉൾപ്പെടുത്തൽ
- സമൂഹബന്ധം
- പ്രത്യേക പരിപാടികൾ
- മോണിട്ടറിംഗ്
- ഉപസംഹാരം

ആമുഖം

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിൽ വെൺകുറിഞ്ഞി ഗ്രാമത്തിൽ 1935-ൽ സെന്റ്. ജോർജ്ജ് ഇ.എ.എൽ.പി. സ്കൂൾ സ്ഥാപിതമായി. വിദ്യാഭ്യാസം തീരെ പ്രചാരമില്ലാതിരുന്ന ആ കാലഘട്ടത്തിൽ ഗ്രാമീണരെ അക്ഷരങ്ങളുടെ ലോകത്തിലേക്ക് കൈ പിടിച്ചുയർത്തുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു. വെച്ചൂച്ചിറ പഞ്ചായത്തിലെ രണ്ടാമത്തെ വിദ്യാലയമാണിത്. ഇന്ന് പത്തനംതിട്ട ജില്ലയിലെ തന്നെ അതിപ്രശസ്തമായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. കലാ-ശാസ്ത്രമേളകളിൽ സബ്ജില്ല, റവന്യൂ ജില്ലാതലങ്ങളിൽ നിലവിലെ ഓവറോൾ ചാമ്പ്യന്മാരാണ്. അക്കാദമിക നിലവാരം പുലർത്തുവാൻ വ്യക്തമായ മാസ്റ്റർപ്ലാനോടു കൂടി ഈ വിദ്യാലയം പ്രവർത്തിക്കുന്നു. എം.റ്റി. ആൻഡ് ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ ഈ സ്കൂൾ പ്രവർത്തിക്കുന്നു. 2025-2026 വിദ്യാലയ വർഷം 1 മുതൽ 4 വരെ ക്ലാസുകളിലായി കുട്ടികളും പ്രീ-പ്രൈമറി ക്ലാസിൽ കുട്ടികളും അധ്യയനം നടത്തുന്നു. 4 അധ്യാപകരുള്ള ഈ സ്കൂളിൽ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ ഭംഗിയായി നടന്നു വരുന്നു.

മറ്റ് നേട്ടങ്ങൾ

പൊതു വിജ്ഞാനവുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങളിൽ കുട്ടികൾ സ്കൂൾ തലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട് സബ്ജില്ല, ജില്ല മത്സരങ്ങളിൽ സമ്മാനാർഹരായിട്ടുണ്ട്.

പ്രവൃത്തിപരിചയ മത്സരങ്ങളിൽ കുട്ടികൾ 'A' ഗ്രേഡോടെ സമ്മാനാർഹരായിട്ടുണ്ട്. L.S.S. പരീക്ഷയിൽ

ഈ സ്കൂളിൽ നിന്നും കുട്ടികൾ അർഹത നേടിയിട്ടുണ്ട്. സംസ്ഥാന ഗണിതശാസ്ത്രപരിഷത്തിന്റെ സ്കോളർഷിപ്പ് പരീക്ഷ- ഈ സ്കൂളിലെ കുട്ടികൾ സംസ്ഥാനതല വിജയികളാണ്. ദേശാഭിമാനി 'അക്ഷരമുറ്റം' ക്വിസ് മത്സരങ്ങളിൽ ഈ സ്കൂളിലെ കുട്ടികൾ സബ്ജില്ലാതല വിജയികളാണ്. പഞ്ചായത്ത് മേളകൾ, വിദ്യാരംഗം മത്സരങ്ങൾ തുടങ്ങിയ പരിപാടികളിൽ കുട്ടികളെ പങ്കെടുപ്പിച്ച് അവരുടെ സർഗാത്മക കഴിവുകൾ വളർത്താൻ അവസരമൊരുക്കുന്നു. ഫീൽഡ് ട്രിപ്പ്, പഠന-യാത്ര, വിവിധ ദിനാചരണങ്ങൾ എന്നിവ നടത്തി വരുന്നു.

കൂടുതൽ നേട്ടങ്ങളിലേക്ക് വിദ്യാലയത്തെ എത്തിക്കുന്നതിന് സഹായകമായ കർമ്മപദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. അക്കാദമിക മികവിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. അധ്യാപകരെയും രക്ഷിതാക്കളെയും കൂടാതെ പൂർവ്വ വിദ്യാർത്ഥികൾ, റിട്ടയർ ചെയ്ത അധ്യാപകർ, വിവിധ സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

അക്കാദമിക-ഭൗതിക-സാമൂഹ്യ മേഖലകളിലെ ഉന്നമനത്തിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രത്യാശിക്കുന്നു.

അധ്യാപകർ

Sl. No	പേര്	തസ്തിക	ക്ലാസ്
1.	ജ്യോതി എബ്രഹാം	HM	II
2.	ലിജി ബേബി		I
3.	മനീഷ മറിയം മനോജ്		III
4	റീബ ജാസ്മിൻ D. J.		IV

പൊതുലക്ഷ്യങ്ങൾ

* 1 മുതൽ 4 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തും.

* ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (ലോവർ പ്രൈമറി) കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയാറാക്കി രക്ഷകർത്താക്കളുടക്കമുള്ള സമൂഹത്തെ അറിയിക്കും.

* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കും.

* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തും.

കവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

അക്കാദമികം	ഭൗതികം	സാമൂഹികം
* ഭാഷാശേഷി വികസനം	* ലൈബ്രറി.	* പി.ടി.എ. ശക്തിപ്പെടുത്തൽ.
* ഗണിതശേഷി വികസനം	* മാലിന്യസംസ്കരണം.	* പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
* ഇംഗ്ലീഷ് പഠന പരിപോഷണം.	* ജന്മദിനത്തിനൊരു പുസ്തകം.	* ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, സർക്കാർ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ
* ശാസ്ത്ര പോഷണ പരിപാടി	* എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം.	* വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ
* വായന പരിപോഷണം	* ഭാഷോത്സവം.	
* ലൈബ്രറി ശാക്തീകരണം	* ഗണിതോത്സവം.	
* കലാ - കായിക മേള		
* ഐ.സി.ടി. പരിശീലനം.		
* ക്ലാസ് പി.ടി.എ സജീവമാക്കൽ		
* ഒന്നാം ക്ലാസ് ഒന്നാം തരം		

ജൂൺ

- സ്കൂളിലെ എല്ലാ കുട്ടികൾക്കും മലയാളം വായിക്കുന്നതിനും എഴുതുന്നതിനും പറയുന്നതിനും ഉള്ള ശേഷി നേടണം.

  – പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കൽ, ICT സാധ്യതകൾ ഉപയോഗിക്കൽ തുടങ്ങിയവ നടത്തൽ

- സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കുക.

  – പുസ്തകങ്ങളുടെ ലിസ്റ്റ് തയാറാക്കൽ, കുട്ടികളിൽനിന്നും ലൈബ്രേറിയനെ തെരഞ്ഞെടുക്കൽ, പിറന്നാളിന് സ്കൂളിന് ഒരു പുസ്തകം, രക്ഷകർത്താക്കൾക്ക് സ്കൂൾ ലൈബ്രറി ഉപയോഗിക്കാൻ അവസരം നൽകൽ.

- പരിസ്ഥിതിദിനത്തോടനുബന്ധിച്ച് പോസ്റ്ററുകൾ, ചിത്രരചനകൾ തയാറാക്കൽ. സമീപത്തുള്ള വൃക്ഷങ്ങൾ, ചെടികൾ എന്നിവയെ അറിയുക.

- വായനാദിനവുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, രചനകൾ, ക്വിസ് മത്സരം, തുടങ്ങിയവ നടത്തൽ. മഹദ്വചനങ്ങൾ, പ്രസംഗം, കുറിപ്പ് തുടങ്ങിയവ അവതരിപ്പിക്കൽ.

- യോഗാദിനാചരണം – ക്ലാസുകളിൽ പങ്കെടുപ്പിക്കുക. പരിശീലനം

ജൂലൈ

- കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് പറയാനുള്ള അവസരമൊരുക്കൽ. ഇംഗ്ലീഷ് അസംബ്ലി, പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, എന്നിവ ഇംഗ്ലീഷിൽ കുട്ടികൾ ചെയ്യുക.
- ഇംഗ്ലീഷിൽ കുട്ടികളെ സ്വതന്ത്ര വായന നടത്തുന്നതിന് സജ്ജരാക്കുക.
- ഇംഗ്ലീഷിഷിൽ സ്വതന്ത്രമായി എഴുതുന്നതിന് കുട്ടികളെ സജ്ജമാക്കുക.
- സ്ഥാനവില ഉറപ്പിക്കുക. അബാക്കസ് ഉപയോഗിച്ച് വേണ്ട പരിശീലനം നൽകുന്നു. സ്ഥാനവില പോക്കറ്റ് നിർമ്മിച്ച് സ്ഥാനവില ഉറപ്പിക്കുന്നു.
- ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ, ക്വിസ് മത്സരം, പ്രദർശനം
- മലയാളലോകം, ഇംഗ്ലീഷ് വേൾഡ് - ഭാഷാരചനകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ

ഓഗസ്റ്റ്

- രൂപ, പൈസ. എന്നിവയുടെ വിനിമയം കൈകാര്യം ചെയ്യുക. കളിനോട്ടുകൾ ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുകയും രൂപ കൊടുക്കുകയും ബാക്കി വാങ്ങുകയും ചെയ്യുന്നു. ഗണിതമൂലയിൽ ആവശ്യം വേണ്ട സാധനങ്ങൾ ഒരുക്കുന്നു.
- ശാസ്ത്രപഠനം സുഗമമാക്കുക - ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുക ലഘു പ്രോജക്ടുകൾ, പലതരം ശേഖരണം, ഫീൽഡ് ട്രിപ്പ് നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം.

സ്വാതന്ത്ര്യദിനാചരണം – പതാക ഉയർത്തൽ, സ്വാതന്ത്ര്യസമരസേനാനികളെ പരിചയപ്പെടൽ, ഇന്ത്യയെക്കുറിച്ച് അറിയൽ. ക്വിസ് മത്സരം.

- ഒന്നാം ടേം എക്സാമിനുള്ള തയാറെടുപ്പുകൾ, വിലയിരുത്തൽ.
- ഓണാഘോഷം – ഐതിഹ്യം മനസിലാക്കൽ, ഓണക്കളികൾ, അത്തപ്പൂവിടൽ, തിരുവാതിരക്കളി, ഓണപ്പാട്ട്, ഓണസദ്യ. എന്നിവ.

സെപ്റ്റംബർ

- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ സ്കൂൾ ക്യാമ്പസ് ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക. കുളം നിർമ്മിക്കൽ. വിവിധ തരത്തിലുള്ള ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കൽ. ജൈവവേലി നിർമിക്കൽ, ജീവികൾക്ക് സ്വതന്ത്രമായി വളരുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പരിസ്ഥിതി വരും തലമുറയ്ക്ക് കൂടിയാണെന്നുള്ള ബോധ്യം ഉണ്ടാക്കുക. ഗ്രീൻ പ്രോട്ടോക്കോൾ. പ്ലാസ്റ്റിക് രഹിത മാലിന്യമുക്ത ക്യാമ്പസ് പ്രവർത്തനങ്ങൾ.
- ഭാഷാപരിപോഷണപ്രവർത്തനങ്ങൾ
- കലോത്സവം, ശാസ്ത്രമേള ഒരുക്കങ്ങൾ
- അധ്യാപകദിനാചരണം – ഡോ. എസ് രാധാകൃഷ്ണൻ. ജീവചരിത്രം – പ്രദർശനം.

ഒക്ടോബർ

- സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തൽ - വാർഷികദിനാഘോഷം പ്രത്യേക അക്കാദമിക പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, ക്ലാസുകൾ ഇവയിൽ പൂർവ്വവിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക.
- ഗാന്ധിജയന്തിയോടനുബന്ധിച്ച് സേവനവാരം സംഘടിപ്പിക്കുക. ക്വിസ് മത്സരം.
- ഓരോ കുട്ടിയുടെയും പഠനനിലവാരം വിലയിരുത്തുക.

നവംബർ

- ശിശുദിനാചരണം - ചാച്ചാജിയെ അറിയൽ, വേഷം ധരിക്കൽ, തൊപ്പി നിർമ്മാണം.
- കലോത്സവം, ശാസ്ത്രമേള.

ഡിസംബർ

- മനുഷ്യാവകാശ ദിനാചരണം - പ്രാധാന്യം വിശദമാക്കൽ.
- ജലദിനം - ബോധവത്കരണം
- രണ്ടാം ടേം എക്സാം വിലയിരുത്തൽ
- ക്രിസ്തുമസ് ആഘോഷം.

ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ വികസനത്തിന് ഈ രേഖ സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു

ജനുവരി

- റിപ്പബ്ലിക് ദിനം - ക്വിസ് മത്സരം, പ്രാധാന്യം മനസിലാക്കൽ.
- പഠനയാത്ര - CPTA, PTA തീരുമാനമനുസരിച്ച് നടത്തപ്പെടും.

ഫെബ്രുവരി

- ഭാഷാഗണിത മേഖലകളുടെ അവലോകനം.
- പഠനോത്സവം - കുട്ടികളുടെ പഠനമേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൊതു ഇടങ്ങളിൽ അവതരിപ്പിക്കുന്നു.
- വാർഷികാഘോഷം - കുട്ടികളുടെ കലാപരിപാടികൾ

മാർച്ച്

- പി.ടി.എ., സി.പി.ടി.എ കൂടുന്നു. അക്കാദമിക വർഷത്തെ അവലോകനം.
- വാർഷിക പരീക്ഷയ്ക്കുള്ള തയാറെടുപ്പുകൾ
- വാർഷിക പരീക്ഷ.